"ഭരണഭാഷ മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

എ8/898/18.

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
തിരുവനന്തപുരം-33,
തീയതി :- 12.01.2018.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് — ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം സാധൂകരണം — പ്രൊപ്പോസൽ അയയ്ക്കുന്നത് — നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**********

ഐ.ടി.ഐ.കളിൽ താല്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ച് സാധൂകരണത്തിനായി പ്രിൻസിപ്പാൾമാർ അയയ്ക്കുന്ന പ്രൊപ്പോസലുകളിൽ പല പോരായ്മകളും രേഖകളുടെ കുറവും കാരണം യഥാസമയം സാധൂകരണം നൽകുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഇത് സംബന്ധമായ പ്രൊപ്പോസൽ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. പത്രപരസ്യം
2. ഇന്റർവ്യൂ ബോർഡംഗങ്ങൾ ഒപ്പിട്ട റാങ്ക് ലിസ്റ്റ് (ക്രോഡീകരിച്ചത്)
3. സർട്ടിഫിക്കറ്റുകളുടെ ശരിപകർപ്പ്
4. നിയമന ഉത്തരവിന്റെ പകർപ്പ്
5. സ്റ്റേറ്റ്മെന്റ് (മാതൃക ഉൾക്കൊള്ളിക്കുന്നു)
6. ചെക്ക് ലിസ്റ്റ്

ഡി.ജി.റ്റി സിലബസ് അനുസരിച്ച് യോഗ്യതയുള്ള ആൾക്കാരെതന്നെ നിയമിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത യോഗ്യത ഇല്ലാത്തവരുടെ നിയമനം സാധൂകരിക്കുവാൻ സാധിക്കുകയില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. നിശ്ചിത യോഗ്യത ഇല്ലാത്തവരെ നിയമിച്ചാൽ സാധൂകരണം ലഭിക്കാത്ത കാരണത്താൽ പിരിച്ച് വിടുന്നവർക്ക് വേതനം നൽകുന്നതിനുള്ള അനുമതിയും ലഭിക്കുന്നതല്ല. ആയതിനാൽ നിശ്ചിതയോഗ്യതയുള്ളവരെ മാത്രം നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ഒരിക്കൽ കൂടി അറിയിക്കുന്നു.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ഐ.ടി.ഐ/ബി.ടി.സി/എ.വി.ടി.എസ് പ്രിൻസിപ്പാൾമാർക്കും
2. ജെ.എ.എ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്

//അംഗീകാരത്തോടെ//

Reji.s

സീനിയർ സൂപ്രണ്ട്

R/9/1/18

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം — സാധൂകരണ പ്രൊപ്പോസൽ

ഐ.ടി.ഐ

| ക്രമ നം. | ട്രേഡ് | നിയമനം നൽകിയ ആളിന്റെ പേര് | ഡി.ജി.റ്റി സിലബസ് അനുസരിച്ച് വേണ്ട യോഗ്യത | നിയമിച്ചിരിക്കുന്ന ആളിന്റെ യോഗ്യത | ഡി.ജി.റ്റി സിലബസ് അനുസരിച്ചുള്ള യോഗ്യത അല്ലെങ്കിൽ നിയമനം നൽകുവാനുള്ള കാരണം | ഇന്റർവ്യൂ നടന്ന തീയതി | സേവനത്തിൽ പ്രവേശിച്ച തീയതി | നിയമന ഉത്തരവ് നമ്പരും തീയതിയും | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |

പ്രിൻസിപ്പാൾ